**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** **23-08-2022 - ൽ മറുപടിയ്ക്ക്**

**കള്ള് വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കള്ള് വ്യവസായത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ട്രാക്ക് & ട്രേയ്സ് സംവിധാനത്തിന്റെ പ്രത്യേകതകൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കള്ളിന്റെ ഉത്പാദനം, വിതരണം, വില്പന എന്നിവയിലെ സുതാര്യത ഉറപ്പ് വരുത്തി വൃക്ഷങ്ങൾക്ക് ഒരു ജിയോ ടാഗിംഗ് സംവിധാനം ഏർപ്പെടുത്തി കള്ളിന്റെ ഉത്പാദനം മുതൽ വില്പന വരെ ഒരു ഓൺലൈൻ സംവിധാനത്തിലൂടെ ചെത്തുന്ന വൃക്ഷങ്ങളും കള്ള് കൊണ്ട് പോകുന്ന വാഹനങ്ങളും നിരീക്ഷിച്ച് കള്ളിന്റെ ഉല്പാദനം, വില്പന എന്നിവ നിരീക്ഷിക്കുന്നതിനും ഇതിനാവശ്യമായ ലൈസൻസ് /പെർമിറ്റ് എന്നിവ സുതാര്യമായി ഓൺലൈൻ വഴി നൽകുന്നതിനും വേണ്ടി നടപ്പിലാക്കുന്ന സംവിധാനമാണ് ട്രാക്ക് & ട്രേയ്സ് സംവിധാനം. അടുത്ത ഇരുപത് വർഷത്തേക്ക് ആയത് ഉപയോഗിക്കാവുന്നതും പദ്ധതി പൂർണ്ണമായും ടെക്നോളജി അടിസ്ഥാനമാക്കിയുള്ളതുമാണ്.<br><br>ട്രാക്ക് & ട്രേയ്സ് സംവിധാനത്തിന്റെ പ്രത്യേകതകൾ :-<br>1. ജിയോ ഡാറ്റാബെയ്സ് ക്രിയേഷൻ (Geo Database Creation):- കള്ള് ചെത്തുന്ന വൃക്ഷവു അത് ഉൾപ്പെടുന്ന ചെത്ത് തോട്ടവും മാപ്പ് ചെയ്ത് ജിയോ ലൊക്കേഷൻ ബെയിസ്ഡ് ഡാറ്റാ തയ്യാറാക്കുവാൻ സാധിക്കും.<br>2. ജിയോ ഫെൻസിംഗ് (Geo Fencing):- ഓരോ ചെത്ത് വൃക്ഷത്തിന്റെയും തോട്ടത്തിന്റെയും അതിരുകൾ ഡിജിറ്റലായി ജിയോ ഫെൻസിംഗ് സാങ്കേതിക വിദ്യയിലൂടെ തയ്യാറാക്കാവുന്നതും ഇതിലൂടെ ചെത്ത് വൃക്ഷവും അതുൾപ്പെടുന്ന തോട്ടവും ഇനംതിരിച്ച് ലഭ്യമാകും<br>3. പെർമിറ്റ് മുഖാന്തിരം കള്ള് കടത്തുന്ന |

| | | | |
|---|---|---|---|
| | | | വാഹനങ്ങളുടെ സ്ഥാനം മനസിലാക്കുന്നത് (Track the toddy transporting Vehicles):- കള്ള് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് വാഹനങ്ങൾ ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനം.<br>4. ഇന്റർനെറ്റ് അധിഷ്ഠിത ആപ്ലിക്കേഷൻ വികസിപ്പിക്കുന്നത് (Web based application development):- കള്ള് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ പെർമിറ്റ് ലഭ്യമാക്കുന്നതിനായുള്ള വെബ് പോർട്ടൽ സംവിധാനം. |
| (ബി) | ഉത്പാദനത്തിനും വ്യവസായത്തിനും ഇത് മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് അറിയിക്കാമോ? | (ബി) | ട്രാക്ക് & ട്രേയ്സ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ കള്ള് ഉത്പാദിപ്പിക്കുന്ന ഓരോ വൃക്ഷവും ഓരോ വെർച്ചൽ നമ്പർ ഉപയോഗിച്ച് തിരിച്ചറിയാവുന്നതാണ്. കൂടാതെ കള്ള് കടത്തുന്നതിന് ആവശ്യമായ പെർമിറ്റ് അനുവദിക്കുന്നതും, ആയതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങളും പൂർണ്ണമായും ഓൺലൈനാക്കുകയും, ഇതിലൂടെ ഈ മേഖല പൂർണ്ണമായും വ്യവസായ സൗഹൃദവും സുതാര്യവും ആകും. കള്ള് ഉത്പാദനവും, വില്പനയും പൂർണ്ണമായും ഓഡിറ്റിംഗിന് വിധേയമാകുകയും, ഉപഭോക്താവിന് ശുദ്ധമായ കള്ള് ഉറപ്പുവരുത്തുന്നതിലൂടെ, ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനോടൊപ്പം കള്ള് വ്യവസായത്തെ സംരക്ഷിക്കാനുമാകും. |

സെക്ഷൻ ഓഫീസർ